REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ലോകത്ത് പലയിടത്തും കലാപം വ്യാപിപ്പിക്കാൻ ശ്രമങ്ങൾ ഉണ്ടാകുന്നത് വേദനാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ജസ്റ്റിസ് V രാമസുബ്രഹ്മണ്യൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ.
- വിഖ്യാത ചലച്ചിത്ര പ്രവർത്തകൻ ശ്യാം ബെനഗൽ മുംബൈയിൽ അന്തരിച്ചു.
- ഇന്ന് ദേശീയ ഉപഭോക്തൃ ദിനം.
- ICC വനിതാ ഏകദിന ക്രിക്കറ്റിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും.

## വാർത്തകൾ വിശദമായി

ലോകത്ത് പലയിടത്തും കലാപം വ്യാപിപ്പിക്കാൻ ശ്രമങ്ങൾ ഉണ്ടാകുന്നത് വേദനാജനകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജർമ്മനിയിലെ ക്രിസ്മസ് മാർക്കറ്റ് ആക്രമണം ഉൾപ്പെടെ സംഭവങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. ഇത്തരം വെല്ലുവിളികൾ നേരിടാൻ സമൂഹം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്ന് ന്യൂഡൽഹിയിൽ ക്രൈസ്തവ സഭാ നേതാക്കളൊരുക്കിയ ക്രിസ്മസ് ആഘോഷങ്ങളിൽ ഇന്നലെ വൈകിട്ട് പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കാത്തലിക് ബിഷപ്സ് കോൺഫെറൻസാണ് പരിപാടി സംഘടിപ്പിച്ചത്. ഇന്ത്യയുടെ വിദേശനയത്തിൽ ദേശീയതാത്പര്യങ്ങൾക്കും മാനവരാശിയുടെ താൽപര്യത്തിനും ഒരേ പരിഗണനയാണ് നൽകുന്നതെന്ന് പ്രധാനമന്ത്രി വിശദീകരിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

**.....(വോയ്സ്)......**

**ലോകത്തെവിടെയും കഴിയുന്ന ഇന്ത്യൻ പൗരന്മാരെ പ്രശ്നങ്ങൾ നേരിടുമ്പോൾ സുരക്ഷിതരാക്കുന്നത് രാജ്യത്തിന്റെ കർത്തവ്യമാണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. അഫ്ഗാനിലെ സംഘർഷ മേഖലയിൽ എട്ടു മാസത്തോളം കുടുങ്ങിപ്പോയ ഫാദർ അലക്സിസ് പ്രേംകുമാറിനെ സുരക്ഷിതമായി തിരിച്ചെത്തിക്കാൻ കഴിഞ്ഞതും, യെമനിൽ നിന്ന് ഫാദർ ടോം ഉഴുന്നാലിലിനെ രക്ഷിച്ച് നാട്ടിലെത്തിച്ചതും അദ്ദേഹം അനുസ്മരിച്ചു. ഇത് നയതന്ത്രപരമായ ഇടപെടൽ മാത്രമല്ല, വൈകാരികമായ ബാധ്യത കൂടിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.**

**കോവിഡ് കാലത്ത് 150 ഓളം ദരിദ്രരാജ്യങ്ങളെ ഇന്ത്യയ്ക്ക് പരമാവധി സഹായിക്കാൻ കഴിഞ്ഞു. 'എല്ലാവർക്കുമൊപ്പം, എല്ലാവരുടെയും ക്ഷേമത്തിന്, എല്ലാവർക്കുമായ പരിശ്രമം' എന്ന പൊതുലക്ഷ്യത്തോടെയാണ് രാജ്യം മുന്നോട്ടു നീങ്ങുന്നത്.**

**സ്നേഹത്തിന്റെയും, സൗഹാർദ്ദത്തിന്റെയും, സാഹോദര്യത്തിന്റെയും സന്ദേശമാണ് യേശുക്രിസ്തു നൽകിയത്. ഈ ആശയത്തിന് ഊന്നൽ നൽകി എല്ലാവരും പ്രവർത്തിക്കുകയാണ് ഇന്നിന്റെ ആവശ്യം. മാർ ജോർജ് കൂവക്കാടിനെ റോമൻ കത്തോലിക്കാ സഭയുടെ കർദ്ദിനാളായി മാർപ്പാപ്പ നിയോഗിച്ചപ്പോൾ, രാജ്യത്തിന് അത് അഭിമാന നിമിഷമായെന്നും നരേന്ദ്രമോദി പറഞ്ഞു. ചടങ്ങിൽ കർദ്ദിനാളിനെ അദ്ദേഹം ആദരിക്കുകയും ചെയ്തു. കത്തോലിക്കാ ബിഷപ്സ് കോൺഫെറൻസിന്റെ ക്രിസ്മസ് ആഘോഷത്തിൽ ആദ്യമായാണ് പ്രധാനമന്ത്രി പങ്കെടുക്കുന്നത്. ക്രൈസ്തവ സഭാ അധ്യക്ഷരുമായും, പ്രമുഖ നേതാക്കളുമായും പ്രധാനമന്ത്രി സംവദിച്ചു.**

✪✪✪

**ആറ് ദിവസത്തെ സന്ദർശനത്തിന് വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ഇന്ന് അമേരിക്കയിലേക്ക് പോകും. സന്ദർശന വേളയിൽ, പ്രധാന, ഉഭയകക്ഷി - പ്രാദേശിക - ആഗോള പ്രശ്നങ്ങൾ US നേതൃത്വവുമായി അദ്ദേഹം ചർച്ച ചെയ്യും. US-ലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ കോൺഫറൻസിലും ഡോ.ജയശങ്കർ പങ്കെടുക്കും.**

✪✪✪

**വിരമിച്ച സുപ്രീംകോടതി ജഡ്ജി, ജസ്റ്റിസ് V രാമസുബ്രഹ്മണ്യനെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി നിയമിച്ചു. പ്രിയങ്ക് കനൂംഗോ, ഡോ. ജസ്റ്റിസ് ബിദ്യുത് രഞ്ജൻ സാരംഗി എന്നിവരെ കമ്മീഷനംഗങ്ങളായും രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. 2019 സെപ്റ്റംബർ 23 മുതൽ 2023 ജൂൺ 29 വരെ ജസ്റ്റിസ് രാമസുബ്രഹ്മണ്യൻ സുപ്രീംകോടതി ജഡ്ജിയായിരുന്നു.**

✪✪✪

വിഖ്യാത ചലച്ചിത്ര പ്രവർത്തകൻ ശ്യാം ബെനഗൽ മുംബൈയിൽ അന്തരിച്ചു. അദ്ദേഹത്തിന് 90 വയസായിരുന്നു. സമൂഹത്തിന്റെ നേർചിത്രങ്ങൾ സിനിമയിലൂടെ വരച്ചുകാട്ടിയ അദ്ദേഹത്തെ 1976 ൽ രാജ്യം പത്മശ്രീയും 1991 ൽ പത്മഭൂഷണും നൽകി ആദരിച്ചു.18 ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. അങ്കുർ, നിശാന്ത്, മൻഥൻ, ഭൂമിക, മമ്മോ, സുബൈദ, സർദാരി ബീഗം തുടങ്ങിയവയാണ് പ്രധാന ചിത്രങ്ങൾ. ചലച്ചിത്ര മേഖലയിലെ സമഗ്രസംഭാവനയ്ക്ക് 2005 ൽ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ലഭിച്ചു. 2006 മുതൽ 2012 വരെ രാജ്യസഭാംഗ മായിരുന്നു.

ഒരു റിപ്പോർട്ട്

....(വോയ്സ്)....

1934 ഡിസംബർ 14 ന് ഹൈദരാബാദിലാണ് ശ്യാം ജനിച്ചത്. അച്ഛൻ സമ്മാനിച്ച ക്യാമറ ഉപയോഗിച്ചാണ് 12 -ാം വയസ്സിൽ ശ്യാം ആദ്യ സിനിമ ചിത്രീകരിക്കുന്നത്. ഹൈദരാബാദിലെ ഒസ്മാനിയ സർവകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ അദ്ദേഹം അവിടെ ഹൈദരാബാദ് ഫിലിം സൊസൈറ്റി സ്ഥാപിച്ചാണ് തന്റെ മഹത്തായ സിനിമായാത്രയ്ക്ക് തുടക്കമിട്ടത്.

1966ലും 1973ലും പുണെ ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപകനായ അദ്ദേഹം 1980-83, 89-92 കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റ ചെയർമാനായി. 1974-ലാണ് ആദ്യത്തെ ഫീച്ചർ ഫിലിം അങ്കുർ പുറത്തിറങ്ങുന്നത്. നെഹ്രുവിന്റെ ഡിസ്കവറി ഓഫ് ഇന്ത്യ എന്ന പുസ്തകം അടിസ്ഥാനമാക്കി ദൂരദർശനുവേണ്ടി അദ്ദേഹം നിർമിച്ച 'ഭാരത് ഏക് ഖോജ് 'എന്ന ടെലിവിഷൻ സീരിയലും ശ്രദ്ധേയമായിരുന്നു.

✪✪✪

പാലക്കാട്ടെ ഗവൺമെന്റ് സ്കൂളിൽ ക്രിസ്മസ് ആഘോഷം തടഞ്ഞ V.H.P പ്രവർത്തകർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി എടുക്കണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ ആവശ്യപ്പെട്ടു. സ്കൂളിൽ കോൺഗ്രസും DYFI യും കരോൾ നടത്തിയത് സ്വാഗതം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു.

ഗവൺമെന്റ് സ്കൂളിൽ ക്രിസ്മസ് ആഘോഷമാകാം എന്ന സംസ്ഥാന ഗവൺമെന്റ് തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. നബിദിനവും, ശ്രീകൃഷ്ണ ജയന്തിയും ഗവൺമെന്റ് സ്കൂളുകളിൽ ആഘോഷിക്കാൻ സാഹചര്യമുണ്ടെങ്കിൽ അതിന് അനുമതി നൽകണമെന്നും ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു. എല്ലാമതങ്ങളുടെയും ആഘോഷരീതി മനസിലാക്കാൻ കുട്ടികൾക്ക് ഇതിലൂടെ കഴിയുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

BJP സ്നേഹയാത്രയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ ഭാഗമായി സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ താമരശ്ശേരിയിൽ ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിനെ സന്ദർശിച്ച് ക്രിസ്തുമസ് ആശംസ നേർന്നു. പ്രധാനമന്ത്രിയുടെ സന്ദേശവും, കേക്കും സമ്മാനിച്ചുമാണ് അദ്ദേഹം ബിഷപ്പ്ഹൗസിൽ നിന്ന് മടങ്ങിയത്.

ലോകം മുഴുവൻ ആവേശത്തോടെ ക്രിസ്മസ് ആഘോഷിക്കുന്ന വേളയിൽ എല്ലാ മലയാളികൾക്കും ആശംസ നേരുന്നതായും സുരേന്ദ്രൻ പറഞ്ഞു. ഈ മാസം 30 വരെ BJP പ്രവർത്തകർ സ്നേഹയാത്ര നടത്തും.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ ചുവടുപിടിച്ച് രാജ്യത്തെ മറ്റ് തീരദേശ നഗരങ്ങളിൽ വാട്ടർ മെട്രോ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. കൊച്ചിയിൽ വാട്ടർ മെട്രോയിൽ സഞ്ചരിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം .

35 ലക്ഷത്തോളം പേർ ഇതിനകം വാട്ടർ മെട്രോ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ട്രെയിനുകളുടെ കാര്യത്തിൽ ഡൽഹിയിലെ പോലെ RRTS മാതൃകയാണ് കേരളത്തിന് യോജിച്ചതെന്നും, ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മനോഹർലാൽ ഖട്ടർ അറിയിച്ചു.

✪✪✪

മലപ്പുറം ജില്ലയിലെ മൂർക്കനാട്ട് മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. 131 കോടിയിൽപ്പരം രൂപ ചിലവിലാണ് ഫാക്ടറി നിർമ്മിച്ചത്.

കേരളത്തിലെ ഏറ്റവും വലുതും അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുമായ പാൽപ്പൊടി നിർമ്മാണ ഫാക്ടറിയാണിത്.

✪✪✪

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന നിയമത്തിന് 1986 ഡിസംബർ 24 നാണ് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. അന്നു മുതൽ ഈ ദിനം ദേശീയ ഉപഭോക്തൃ ദിനമായി ആചരിച്ചുവരികയാണ്. ന്യൂഡൽഹിയിൽ ഈ വർഷത്തെ ദിനാചരണ പരിപാടികളിൽ കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി അധ്യക്ഷനായിരിക്കും.

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്).....**

**ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്ന ഒട്ടേറെ സംരംഭങ്ങൾക്ക് പ്രൽഹാദ് ജോഷി തുടക്കമിടും. ജാഗോ ഗ്രഹക് ജാഗോ ആപ്പ്, ജാഗ്രതി ആപ്പ്, ജാഗ്രതി ഡാഷ് ബോർഡ് എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ നിർമ്മിതബുദ്ധി അടിസ്ഥാനമാക്കിയ ദേശീയ കൺസ്യൂമർ ഹെൽപ്-ലൈൻ 2.0 ഉം അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. ചടങ്ങിൽ 13 പ്രധാന E-കൊമേഴ്സ് കമ്പനികൾ ഉപഭോക്തൃസുരക്ഷ ഉറപ്പു നൽകുന്ന സുരക്ഷാ പ്രതിജ്ഞയിൽ ഒപ്പുവെയ്ക്കും. ഉപഭോക്തൃ നീതിയ്ക്ക് വെർച്വൽ ഹിയറിംഗും, ഡിജിറ്റൽ ആക്സസും എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.**

**തിരുവനന്തപുരത്ത് ദിനാചരണ ചടങ്ങ് മന്ത്രി G R അനിൽ ഉദ്ഘാടനം ചെയ്യും.**

**✪✪✪**

**പയ്യോളി ക്രാഫ്റ്റ് വില്ലേജ് മുതൽ ബേപ്പൂർ വരെ ടൂറിസം സർക്യൂട്ട് പദ്ധതിയ്ക്ക് കേന്ദ്രഗവൺമെന്റ് 96 കോടി രൂപ അനുവദിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. കേരളത്തിലെ വിവിധ ടൂറിസം സർക്യൂട്ടുകൾ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് നൽകിയ പദ്ധതിയ്ക്കാണ് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചതെന്ന് മന്ത്രി പറഞ്ഞു. കോഴിക്കോട് ചാലിയം ബീച്ചിൽ 'ഓഷ്യാനസ്' ചാലിയം ബീച്ച് വികസന പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.**

**കോഴിക്കോട് ബീച്ചിൽ നിന്ന് ബേപ്പൂർ ബീച്ചിലേക്ക് ഉല്ലാസ നൗക സർവീസ് ഉടൻ ആരംഭിക്കാനാകുമെന്നും മുഹമ്മദ് റിയാസ് അറിയിച്ചു.**

**✪✪✪**

**ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവലിന്റെ ഭാഗമായി 'ആഘോഷങ്ങളുടെ കോഴിക്കോട്' എന്ന വിഷയത്തിൽ വൈകീട്ട് കടപ്പുറത്ത് തുറന്ന സംവാദം സംഘടിപ്പിക്കും. മേയർ ഡോ. ബീന ഫിലിപ്പ്, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെയർമാൻ S.K സജീഷ്, എഴുത്തുകാരൻ പ്രേംചന്ദ്, മാധ്യമപ്രവർത്തകരായ D.K രാജേഷ് കുമാർ, കമാൽ വരദൂർ തുടങ്ങിയവർ പങ്കെടുക്കും.**

**✪✪✪**

**കൊച്ചി തൃക്കാക്കര KMM കോളേജിൽ NCC ക്യാംപിനിടെ ശാരീരിക പ്രശ്നങ്ങൾ നേരിട്ട എഴുപതിലേറെ വിദ്യാർഥികളെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചഭക്ഷണത്തിനു ശേഷമാണ് വിദ്യാർഥികൾക്ക് വയറുവേദനയും, ഛർദ്ദിയും, വയറിളക്കവും ഉണ്ടായത്. സംസ്ഥാനത്തെ**

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ഏതാണ്ട് 600 ഓളം സ്കൂൾ - കോളേജ് വിദ്യാർഥികളാണ് NCC ക്യാമ്പിൽ പങ്കെടുത്തത്. ആശുപത്രിയിൽ പ്രവേശിപ്പിച്ച വിദ്യാർത്ഥികളുടെ ആരോഗ്യ നില തൃപ്തികരമാണ്.

✪✪✪

ശബരിമല മണ്ഡലപൂജാ വേളയിൽ തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ സന്നിധാനത്ത് വിപുലമായ മുന്നൊരുക്കങ്ങൾ . തങ്ക അങ്കി ഘോഷയാത്ര നാളെ ഉച്ചയ്ക്ക് പമ്പയിലെത്തും.

ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S ശ്രീധറിന്റെ റിപ്പോർട്ട്.

....(വോയ്സ്)......

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. വഡോദരയിൽ ഉച്ചയ്ക്ക് ഒന്നരയ്ക്ക് മത്സരം തുടങ്ങും. ആദ്യ ഏകദിനത്തിൽ ഇന്ത്യ 211 റൺസിന് വെസ്റ്റ് ഇൻഡീസിനെ തോൽപ്പിച്ചിരുന്നു. സ്മൃതി മന്ദാനയാണ് ഹർമൻ പ്രീത് കൗറിന്റെ അസാന്നിധ്യത്തിൽ ടീമിനെ നയിക്കുന്നത്.

✪✪✪

ISL ഫുട്ബോൾ ടൂർണമെന്റിൽ ഹൈദരാബാദിൽ ഇന്നലെ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ഹൈദരാബാദ് FC യെ പരാജയപ്പെടുത്തി. രണ്ടിനെതിരെ അഞ്ച് ഗോളുകൾക്കാണ് നോർത്ത് ഈസ്റ്റിന്റെ വിജയം. ഇന്ന് മത്സരമില്ല.

✪✪✪